**സ്വാമി ശരണം**

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1199-ലെ (2023 -2024) വിവിധ ഉത്സവങ്ങളുമായി 2024 മെയ് 14 മുതൽ 2024 ഒക്ടോബർ31 വരെയുള്ള കാലയളവിലേയ്ക്ക് ശബരിമലയിൽ അയ്യപ്പൻമാർക്ക് നടയ്ക്കു വയ്ക്കുന്നതിന് ആവശ്യമായ സ്വർണ്ണം വെള്ളി നേർച്ച സാധനങ്ങൾ വിൽക്കുന്നതുൾപ്പെടുത്തിയിട്ടുള്ളതാണ്.ശബരിമലയിൽ കോൺക്രീറ്റ് നടപ്പന്തലിന്റെ വടക്ക് ഭാഗത്ത് നിലവിലുള്ള കുത്തകയുടെ എതിർവശം ഒഴിഞ്ഞുകിടക്കുന്ന 10 X 4 മീറ്റർ വരുന്ന ഭാഗം ടി. കുത്തകയ്ക്ക് ഉപയോഗിക്കാവുന്നതാകുന്നു. സ്വർണ്ണം വെള്ളി വകകൾ നല്ല മാറ്റിലുള്ളതായിരിക്കണം. ഇതിലേക്ക് കുത്തകക്കാരൻ ആവശ്യമായ ലൈസൻസ് സ്വന്തമായി വാങ്ങിയിരിക്കേണ്ടതാണ്. യാതൊരു കാരണവശാലും അയ്യപ്പചക്രം വിൽപ്പന നടത്തുവാൻ പാടുള്ളതല്ല. സ്വർണ്ണം, വെള്ളി, നേർച്ച സാധനങ്ങളും, ഓട്, പിത്തള വിളക്കുകൾ, മണി, പെന്റന്റ്/ലോക്കറ്റുകൾ, മോതിരം, ഫോട്ടോ, മാല എന്നിവ വിൽപ്പന നടത്താവുന്നതാണ്. (പാത്രങ്ങൾ വിൽപ്പന നടത്താവുന്നതാണ്). ഇ-ടെൻഡർ.

1. **ടെൻഡറിൽ പങ്കെടുക്കുന്നവർ http:/etenders.kerala.gov.in എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ-ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും ഇനം കുത്തക ഏറ്റു നടത്തുവാൻ ആഗ്രഹിക്കുന്നയാൾ ടി. കുത്തകയുമായി ബന്ധപ്പെട്ട സ്ഥലം / ഷെഡ് / കെട്ടിടം നേരിട്ട് ബോദ്ധ്യപ്പെട്ടശേഷം ടെൻഡറിൽ പങ്കെടുക്കേണ്ടതാണ്.**

**ടെൻഡറിൽ പങ്കെടുക്കുന്നവർ 1500/- രൂപ രജിസ്ട്രേഷൻ ഫീ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ടി തുക തിരികെ ലഭിക്കുന്നതല്ല. അപ്രകാരം ഹാജരാക്കാത്തവരേയും, നിരതദ്രവ്യം ഹാജരാക്കാത്തവരേയും, സാധാരണ വ്യവസ്ഥകളനുസരിച്ച് ടെൻഡറിൽ പങ്കെടുക്കുവാൻ യോഗ്യതയില്ലാത്തവരേയും ടെന്ററിൽ ചേരാൻ അനുവദിക്കുന്നതല്ല. മേൽപറഞ്ഞ യോഗ്യതകൾ ഉണ്ടായിരുന്നാലും ടെൻഡറിൽ ഏതെങ്കിലും വ്യക്തിയെ ചേർക്കുകയോ ചേർക്കാതിരിക്കുകയോ ചെയ്യുന്നതിന് ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ വ്യവസ്ഥകൾ നടപ്പു കോൺട്രാക്ടർമാർക്കും ബാധകമായിരിക്കും. മുൻകൂടിശ്ശികക്കാരേയും, ബ്ലാക്ക് ലിസ്റ്റ് ചെയ്തവരേയും യാതൊരു കാരണവശാലും ടെൻഡറിൽ പങ്കെടുപ്പിക്കുന്നതല്ല.**

ലേലതുക പൂർണ്ണമായും ലേലത്തുകയുടെ 18 ശതമാനം ജി.എസ്.ടി. തുകയും ഒന്നാകെ ലേലം കഴിഞ്ഞാൽ ഉടൻതന്നെ ഒടുക്കുവരുത്തേണ്ടതാണ്. കേന്ദ്ര / സംസ്ഥാന സർക്കാരുകളിലേയ്ക്ക് ഏതെങ്കിലും തരത്തിലുള്ള നികുതികൾ ഒടുക്കുവരുത്തേണ്ടപക്ഷം കുത്തകക്കാരൻ സ്വന്തം ചെലവിൽ ഒടുക്കുവരുത്തേണ്ടതാണ്.

കുത്തക എടുക്കുന്നയാൾ കുത്തകകാരന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്ന് മാത്രമേ RTGS, NEFT,DD മറ്റ് വിധത്തിലുള്ള അക്കൗണ്ട് ട്രാൻസ്ഫർ വഴി കുത്തക തുക ഒടുക്കുവരുത്തുവാൻ പാടുള്ളു. ഇതിനു വിരുദ്ധമായി മറ്റാരുടെയെങ്കിലും അക്കൗണ്ടുവഴി തുക അടയ്ക്കുന്ന പക്ഷം ടി തുക കുത്തക തുകയായി ഒരുകാരണവശാലും കണക്കാക്കു കയില്ല.

ഇ-ടെൻഡർ സമർപ്പിക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ഫോൺ നമ്പർ, കുത്തകക്കാരന്റെ ഇൻകംടാക്സ് റിട്ടേൺസ് വിവരങ്ങൾ (മൂന്ന് വർഷത്തെ അക്കൗണ്ട്സ് ഓഡിറ്റ് റിപ്പോർട്ട് വിത്ത് ടാക്സ് അക്നോളജ്മെന്റ്, യുഡിഐഎൽ ഉണ്ടെങ്കിൽ ആയതും) കുത്തക ഏറ്റെടുക്കുന്നവർ ജി.എസ്.ടി. രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതും ജി.എസ്.ടി.രജിസ്ട്രേഷൻ നമ്പർ നിർബന്ധമായും ഇ-ടെന്ററിനോടൊപ്പം ഓൺലൈനായിസമർപ്പിക്കേണ്ടതാണ്. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര് സാക്ഷ്യപ്പെടുത്തുന്ന തിരിച്ചറിയൽ രേഖ തന്നെ ഇ-ടെന്ററിനോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

*കൊല്ലവർഷം 1199 എം.ഇ. ശബരിമല കുത്തക ലേലവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ നിബന്ധനകളും / സ്പെഷ്യൽ നിബന്ധനകളും ടി. ലേലത്തിനും ബാധകമായിരിക്കും.*

ശബരിമല
10-04-20204

എക്സിക്യൂട്ടീവ് ആഫീസർ,
ശബരിമല

| ഇ.എം.ഡി തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ | |
|---|---|
| കുത്തകക്കാരന്റെ പേര് | |
| ടെൻഡർ ഐ.ഡി. | |
| ഇ.എം.ഡി. തുക | |
| ബാങ്കിന്റെ പേര് | |
| ശാഖയുടെ പേര് | |
| അക്കൗണ്ട് നമ്പർ | |
| ഐ.എഫ്.എസ്.സി.കോഡ് | |

കുത്തകത്തുക പൂർണ്ണമായി ഒടുക്കുവരുത്തിയിട്ടുള്ളതിനാൽ ഇ.എം.ഡി. തുക തിരികെ നൽകണമെന്ന് അപേക്ഷിക്കുന്നു.

തീയതി അപേക്ഷകന്റെ ഒപ്പ്

ടി അപേക്ഷകന്റെ ഇ.എം.ഡി. തുക തിരികെ നൽകാവുന്നതാണ്.

തീയതി

എക്സിക്യൂട്ടീവ് ആഫീസർ,
ശബരിമല

എക്സിക്യൂട്ടീവ് ആഫീസർ,
ശബരിമല

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ശബരിമല

## കുത്തകവിവരം 1199 M. E

(2024 മെയ് 14 മുതൽ 2024 ഒക്ടോബർ 31 വരെ)

**(E.O.P No.196/23/Saba. Dated 10/04/2024)**

കൊല്ലവർഷം 1199 ശബരിമല മഹോത്സവത്തോടനുബന്ധിച്ച് ശബരിമല ദേവസ്വത്തിലെ ക്രമന മ്പർ – 5 ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് കൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ള കുത്തകയുടെ വിവരം

**(1199 M. E പൊതുനിബന്ധന/സ്പെഷ്യൽ നിബന്ധനകൾക്ക് വിധേയം)**

| 1199 ക്രമ നമ്പർ | 1198 ക്രമ നമ്പർ | കുത്തക വിവരം | കാറ്റ ഗറി | ക്വാട്ട് ചെയ്യേണ്ട മിനിമം റേറ്റ് (രൂപ) | ഇ.എം.ഡി. & ടെന്റർ സെക്യൂരിറ്റി. (രൂപ) |
|---|---|---|---|---|---|
| | | **ശബരിമല**<br>ഐറ്റം | | | |
| 05 | 5 | ടി കാലയളവിൽ ശബരിമലയിൽ അയ്യപ്പൻമാർക്ക് നടയ്ക്കു വയ്ക്കുന്നതിന് ആവശ്യമായ സ്വർണ്ണം വെള്ളി നേർച്ച സാധനങ്ങൾ വിൽക്കുന്നതുൾപ്പെടുത്തിയിട്ടുള്ളതാണ്.ശബരിമലയിൽ കോൺക്രീറ്റ് നടപ്പന്തലിന്റെ വടക്ക് ഭാഗത്ത് നിലവിലുള്ള കുത്തകയുടെ എതിർവശം ഒഴിഞ്ഞുകിടക്കുന്ന 10 x 4 മീറ്റർ വരുന്ന ഭാഗം ടി. കുത്ത കയ്ക്ക് ഉപയോഗിക്കാവുന്നതാകുന്നു. സ്വർണ്ണം വെള്ളി വകകൾ നല്ല മാറ്റിലുള്ളതായിരിക്കണം. ഇതിലേക്ക് കുത്തകക്കാരൻ ആവശ്യമായ ലൈസൻസ് സ്വന്തമായി വാങ്ങിയിരിക്കേണ്ടതാണ്. യാതൊരു കാരണവശാലും അയ്യപ്പചക്രം വിൽപ്പന നടത്തുവാൻ പാടുള്ളതല്ല. സ്വർണ്ണം, വെള്ളി, നേർച്ച സാധനങ്ങളും, ഓട്, പിത്തള വിളക്കുകൾ, മണി, പെന്റന്റ്/ലോക്കറ്റുകൾ, മോതിരം, ഫോട്ടോ, മാല എന്നിവ വിൽപ്പന നടത്താവുന്നതാണ്. (പാത്രങ്ങൾ വിൽപ്പന നടത്താവുന്നതാണ്). | | 10,00,000 | 10,000 |

ശബരിമല
10-04-2024

എക്സിക്യൂട്ടീവ് ഓഫീസർ